(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

(എഫ്) ഇല്ല.

(ജി) തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. മരണപ്പെട്ടവരുടെ കുടുംബത്തിന് 25,000 രൂപ നിരക്കിൽ എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ആയതിനാൽ കൃഷിയും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിരവധി തവണ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. നിലവിൽ കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, പന്നിക്കൂട് തുടങ്ങിയവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നുണ്ട്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

35 (2863) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ നൽകിയ സംസ്ഥാന വിഹിതം എത്ര; വിശദമാക്കുമോ ?

<u>ഉത്തരം</u>

വർഷം	സംസ്ഥാന വിഹിതം (ലക്ഷത്തിൽ)
2011-12	2510.25
2012-13	2102.03
2013-14	1512.8
2014-15	4000
2015-16 (16/01/2016 വരെ)	2500.44

LIBRARY ARCHIVES Kerala Legislative Assembly